I/294672/2024

# തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്, വയനാട്
# ജില്ലാ ടൌൺ പ്ലാനറുടെ നടപടിക്രമം
# (ഹാജർ: രഞ്ജിത്ത് കെ.എസ്)

വിഷയം : ജില്ലാ ടൌൺ പ്ലാനറുടെ കാര്യാലയം, വയനാട് – കൽപ്പറ്റ നഗരസഭയിൽ കൽപ്പറ്റ വില്ലേജിൽ റീ 474/12-2 ,474/16 ,474/14 സർവ്വേ നമ്പർ.-ൽ പ്പെട്ട 0.5223 ഹെക്ടർ സ്ഥലത്ത് നിർമ്മാണം പൂർത്തിയായ ഓഡിറ്റോറിയം കെട്ടിടം ക്രമവത്കരിക്കുന്നതിന് ശ്രീ. മുഹമ്മദ് മുഹ്സിൻ, ശ്രീമതി.സാജിത ബൈതുൽ സലാം എന്നിവരുടെ അപേക്ഷ ലേ ഔട്ട് അനുമതി നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന : 1.ശ്രീ.മുഹമ്മദ് മുഹ്സിൻ, ശ്രീമതി.സാജിത ബൈതുൽ സലാം എന്നിവരുടെ 04/05/2024 ലെ കത്ത്.

2.മുഖ്യ നഗരാസൂത്രകൻറെ 22/04/2024 ലെ LSGD/PD/8384/2024-TCPA2 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ നം.LSGD/JD/WYD/1557/2024-F1 തീയതി: 25/05/2024</u>**

കൽപ്പറ്റ നഗരസഭയിൽ കൽപ്പറ്റ വില്ലേജിൽ റീ474/12-2 ,474/16 ,474/14 സർവ്വേ നമ്പർ. ൽ പ്പെട്ട 0.5223 ഹെക്ടർ സ്ഥലത്ത് നിർമ്മാണം പൂർത്തിയായ ഓഡിറ്റോറിയം കെട്ടിടം ക്രമവത്കരിക്കുന്നതിന് ലേ ഔട്ട് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.മുഹമ്മദ് മുഹ്സിൻ, ശ്രീമതി.സാജിത ബൈതുൽ സലാം എന്നിവർ സമർപ്പിച്ച അപേക്ഷയിൽ പ്രസ്തുത സ്ഥലം “DTP Scheme for Civil Station and Surroundings” എന്ന ടൌൺ പ്ലാനിംഗ് സ്കീമിലെ അഗ്രികൾച്ചർ സോണിൽ ഉൾപ്പെട്ടത് ആയതിനാൽ ചീഫ് ടൌൺ പ്ലാനറുടെ കൺകറൻസിനായി അയച്ചതിൽ ചീഫ് ടൌൺ പ്ലാനറുടെ 22/04/2024 തീയതിയിലെ LSGD/PD/8384/2024-TCPA2 ഉത്തരവ് പ്രകാരം കൺകറൻസ് ലഭ്യമായതിനാലും, KMBR -2019 ലെ റൂൾ 5 ( 6 ) ലെ വ്യവസ്ഥകൾ പാലിക്കുന്നതിനാലും മേൽ കൺകറൻസ് ഉത്തരവിൽ വ്യക്തമാക്കിയ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി KMBR -2019 ലെ റൂൾ 30 പ്രകാരം ലേ ഔട്ട് അനുമതി നൽകി ഉത്തരവാകുന്നു. കെട്ടിടത്തിന്റെ ഏരിയ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

| SL No | USE | FLOOR | BUILT UP AREA | FLOOR AREA |
|---|---|---|---|---|
| 1 | GROUP D | GROUND FLOOR | 1488.25 | 1488.25 |
| | | FIRST FLOOR | 108.78 | 108.75 |
| **TOTAL** | | | **1597.03** | **1597.03** |
| **FSI = 0.310** | | | | |
| **COVARGE =28.49%** | | | | |

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന് ചട്ട പ്രകാരം കോമ്പൌണ്ടിംഗ് ഫീ ഈടാക്കികൊണ്ടും മാത്രമേ കെട്ടിട നിർമ്മാണ അനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.

<u>നിബന്ധനകൾ</u>

1. KMBR-2019 ചട്ടം 9(2) പ്രകാരം അപേക്ഷകൻറെ സ്ഥലത്തിൻറെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും സഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. D T P സ്കീം വ്യവസ്ഥകൾക്ക് അനുസൃമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട്/ലേഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. കെ.എം.ബി.ആർ -2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപ പത്രം

ലഭ്യമാക്കിയിരിക്കണം.

4. നിർദിഷ്ട സ്ഥലത്തു പുറമ്പോക്കു ഭൂമി ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിട്ടുള്ളതാണെന്നും സമർപ്പിക്കപ്പെട്ട പ്ലാനുകൾ പ്രകാരമാണെന്നും സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
6. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ഉത്തരവുകൾ പാലിച്ചുകൊണ്ടാണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ ഭൂവിനിയോഗ ഉത്തരവ്, 1963-ലെ കേരള ഭൂപരിഷ്കരണ നിയമം എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. നിർദിഷ്ട സ്ഥലത്തു നിന്നും യാതൊരുവിധ മാലിന്യങ്ങളും സമീപ പ്രദേശങ്ങളിലേക്കോ ജല സ്രോതസ്സിലേക്കോ കലരുവാൻ പാടുള്ളതല്ല.

ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കാനുള്ള അനുമതി അല്ല. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടൌൺ പ്ലാനറുടെ ലേ-ഔട്ട് അനുമതി ലഭിച്ച പ്ലാനുകൾ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിച്ച് കെട്ടിട നിർമ്മാണാനുമതി വാങ്ങേണ്ടതാണ്.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ: 11/2024)

**Signed by Renjith K S**
**Date: 25-05-2024 15:54:50**
**Reason: Approved**

ടൌൺ പ്ലാനർ, വയനാട്

സ്വീകർത്താവ് :

ശ്രീ. മുഹമ്മദ് മുഹ്സിൻ, ശ്രീമതി.സാജിത ബൈതുൽ സലാം

പകർപ്പ് :

1. സെക്രട്ടറി, കൽപ്പറ്റ നഗരസഭ
2. അധികം